പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 4975 01.07.2013-ൽ മറുപടിയ്ക്ക്

# **സൈബർ തട്ടിപ്പുകൾ തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എൻ. എ . ഖാദർ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | സാമ്പത്തികമായ തട്ടിപ്പുകൾ നടത്തുന്നതിന് സൈബർ സൗകര്യങ്ങളെ പ്രയോജനപ്പെടുത്തുകയും അജ്ഞാത കേന്ദ്രങ്ങളിൽ നിന്ന് മൊബൈൽ വരിക്കാർക്കും ഇന്റർനെറ്റ് ഉപഭോക്താക്കൾക്കും വ്യാജ സന്ദേശങ്ങൾ അയച്ച് വഞ്ചിക്കുകയും ചെയ്യുന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അത്തരം പരാതികൾ ലഭിച്ചിട്ടുണ്ടോ; | (ബി) | പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ ഇതു തടയുവാൻ എന്തൊക്കെ ശാസ്ത്രീയ നടപടിയാണ് സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുള്ളത്? | (സി) | സാമ്പത്തിക തട്ടിപ്പുകൾ സൈബർ മേഖലയിൽ ഏതൊക്കെ രീതികളിൽ ആണെന്നും അതുമൂലം പൊതുജനങ്ങൾക്ക് ഉണ്ടാകാവുന്ന നഷ്ടങ്ങൾ എങ്ങനെയാണെന്നും പ്രസ്തുത വഞ്ചനയിൽ ഉൾപ്പെടാതിരിക്കാൻ എന്തൊക്കെ ചെയ്യണമെന്നും പൊതുജനങ്ങൾക്കിടയിൽ പോലീസിന്റെ ഭാഗത്തു നിന്നും ദൃശ്യമാധ്യമങ്ങൾ, അച്ചടി മാധ്യമങ്ങൾ മുഖേനയും നേരിട്ടും ബോധവത്ക്കരണം നടത്തിവരാറുണ്ട്. ഇത്തരം തട്ടിപ്പുകൾ അന്യരാജ്യങ്ങളിൽ നിന്നുമാണ് കൂടുതൽ ഉത്ഭവിക്കുന്നത് എന്നതുകൊണ്ട് തന്നെ നിയമ നടപടികൾക്ക് കാലതാമസം നേരിടാറുണ്ട്. |

സെക്ഷൻ ഓഫീസർ